# പൊതു നിർദ്ദേശങ്ങൾ

1. സ്കൂളുകളിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പു തുക പൂർണ്ണമായും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എസ്.ബി.ഐ ജഗതി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (***അക്കൗണ്ട് നമ്പർ- 67066478360 ഐ.എഫ്.എസ്. കോഡ് - SBIN0070568***) അടിയന്തിരമായി നിക്ഷേപിക്കുക.
2. മറ്റ് സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ വിതരണം ചെയ്യാതെ പണമായി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട കണക്കെഴുത്ത് ശീർഷകത്തിൽ സറണ്ടർ ചെയ്യേണ്ടതാണ്.
3. എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകൾ സന്ദർശിക്കുകയും വിതരണം ചെയ്യാത്ത സ്കോളർഷിപ്പു തുക അനധികൃതമായി കൈവശം സൂക്ഷിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
4. 2014-15 വർഷത്തിൽ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹത നേടിയെങ്കിലും, ആനുകൂല്യ തുക ലഭിക്കാത്ത കുട്ടികളുടെ പേരു വിവരങ്ങൾ (**Fresh/Renewal**) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (**www.education.kerala.gov.in**) പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് തുക ലഭിക്കുന്നതിനുള്ള തുടർ നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കേണ്ടതാണ്.
5. സ്കോളർഷിപ്പുകൾ സംബന്ധിച്ച സംശയങ്ങൾ പരിഹരിക്കുന്നതിനായി സ്കോളർഷിപ്പ് സെല്ലിൽ ('എൻ' സെക്ഷൻ) ഒരു ഹോട്ട്ലൈൻ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ചുവടെ പറയുന്ന നമ്പരുകളിൽ വിളിക്കേണ്ടതാണ്.

   **1) 0471-2328438 9496304015**

   **2) 0471-2580583 9447990477**

   ഇ-മെയിൽ വഴിയും സംശയങ്ങൾ പരിഹരിക്കാവുന്നതാണ്.

   ഇ-മെയിൽ വിലാസം - ***scholarshipdpi@gmail.com***

   ***nsection2018@gmail.com***
6. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുന്ന സ്കോളർഷിപ്പ് സംബന്ധമായ പരാതികളിൽ അപേക്ഷകന്റെ ഫോൺ നമ്പർ കൃത്യമായി രേഖപ്പെടുത്താൻ സ്കൂളുകൾക്കും, കുട്ടികൾക്കും നിർദ്ദേശിക്കുക.
7. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ കുട്ടികൾ സമർപ്പിക്കുന്ന ഓൺലൈൻ അപേക്ഷകൾ പ്രഥമാദ്ധ്യാപകർ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്ക് വിദ്യാഭ്യാസ ഓഫീസർമാർ നിർദ്ദേശം നൽകേണ്ടതാണ്.